**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5472** **03-11-2021 - ല്‍ മറുപടിയ്ക്ക്**

**നിലമ്പൂര്‍ മണ്ഡലത്തിലെ ഇ-ഹെല്‍ത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അന്‍വര്‍ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂര്‍ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെല്‍ത്ത് പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; മണ്ഡലത്തിലെ കൂടുതല്‍ ആശുപത്രികളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നിലമ്പൂര്‍ മണ്ഡലത്തിലെ വഴിക്കടവ്, മുമ്മുള്ളി, കരുളായ്, പോത്തുകല്ല് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലാണ് ഇ-ഹെല്‍ത്ത് പദ്ധതി നടപ്പിലാക്കുന്നത് ഇതില്‍ വഴിക്കടവ്, കരുളായ് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളില്‍ ഇ-ഹെല്‍ത്ത് പദ്ധതി പൂര്‍ണമായും ആരംഭിച്ചു. മുമ്മുള്ളി കുടുംബാരോഗ്യ കേന്ദ്രത്തില്‍ ഇ-ഹെല്‍ത്ത് പദ്ധതിക്ക് വേണ്ടിയുള്ള വയറിങ് ജോലികള്‍ പൂര്‍ത്തീകരിച്ചു വരുന്നു. നിലമ്പൂര്‍ മണ്ഡലത്തിലെ നിലമ്പൂര്‍ ജില്ല ആശുപത്രി ആടുത്ത ഘട്ടത്തില്‍ ഇ ഹെല്‍ത്ത് പദ്ധതി നടപ്പിലാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഇ-ഹെല്‍ത്ത് പദ്ധതിയില്‍ ലഭിക്കുന്ന സേവനങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പദ്ധതിക്കായി മണ്ഡലത്തില്‍ ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ; തുക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങള്‍ എന്താണെന്ന് അറിയിക്കാമോ; | (ബി) | ആശുപത്രി സംവിധാനവും പൊതു ജനാരോഗ്യ പ്രവര്‍ത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്ന ഒരു ബൃഹത് പദ്ധതി ആണ് 'ഇ – ഹെല്‍ത്ത് '. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ, “ഒരു പൗരന് ഒരു Electronic Health Record [EHR]”എന്ന ലക്ഷ്യത്തിലൂന്നി കേരളത്തിലെ എല്ലാ സര്‍ക്കാര്‍ ആശുപത്രികളെയും Computer Network മുഖേന ബന്ധപ്പെടുത്തി ചികിത്സ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇ ഹെല്‍ത്ത് പദ്ധതിയുടെ ഭാഗ മായി ഒാരോ വ്യക്തിക്കും ആധാര്‍ നമ്പര്‍ അടിസ്ഥാനമാക്കി ഒരു UHID നല്‍കുന്നു. ഇ ഹെല്‍ത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള കേരളത്തിലെ സര്‍ക്കാര്‍ ആശുപത്രിയില്‍ ചികിത്സ തേടുമ്പോള്‍ UHID ഉപയോഗിച്ച് പ്രസ്തുത വ്യക്തിയുടെ എല്ലാ ചികിത്സാ വിവരങ്ങളും (ക്ലിനി ക്കല്‍ ഡീറ്റെയില്‍സ്) ഡോക്ടര്‍ക്ക് ഒാണ്‍ലൈനായി ലഭ്യമാകുന്നു. രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റു വിവരങ്ങളും നേരത്തേ തന്നെ രജിസ്റ്റര്‍ ചെയ്യപ്പെട്ടിരിക്കുന്ന തിനാല്‍ ഒപി ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായി തീരുന്നു. ഒപി ക്ലിനിക്കുകള്‍, ഫാര്‍മസി, ലാബറട്ടറി, എക്സറേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കണ്‍ |

| | | | |
|---|---|---|---|
| | | | അടിസ്ഥാ നത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽ വന്നു. ഡോക്ടർമാരുടെ കുറിപ്പടികൾ (prescriptions) നെറ്റ് വർക്ക് വഴി ഫാർമസികളിലും, ലാബറട്ടറികളിലും എക്സറേ കൗണ്ടറിലും ഓൺലൈനായി എത്തുന്നു. ടെസ്റ്റ് റിസൽറ്റുകൾ ഡോക്ട ർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽ സമയം ലഭ്യമാകുന്നു. വ്യക്തികളുടെ സമഗ്രമായ ആരോഗ്യ രേഖകൾ ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശു പത്രിയിലും കമ്പ്യൂട്ടർ ശൃംഖല വഴി ലഭ്യമാകും എന്നതിനാൽ വിവിധ ആശുപത്രികളിൽ തുടർ ചികിത്സകൾക്കു വേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗചികിത്സ സംഗ്രഹം ഓൺ ലൈനായി ലഭിക്കുന്നതിനാൽ കൃത്യമായ തുടർ ചികിത്സ നിർണ്ണയിക്കാൻ സാധിക്കുന്നു. രോഗികൾക്കു തങ്ങളുടെ ചികി ത്സാസംബന്ധിയായ രേഖകൾ കൊണ്ടു നടക്കേണ്ട ആവശ്യം ഇല്ലാതാകുന്നു. ഒരോ ആശുപത്രികളുടെയും വലിപ്പം പ്രവർത്തന സജ്ജമായ കെട്ടിടങ്ങൾ, നൽകി വരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയതിനാൽ പദ്ധതി നിർവഹണത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ ഹെൽത്ത് പ്രവർത്ത നങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. |
| (സി) | ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് മണ്ഡലത്തിൽ നടത്തിയ ഒരുക്കങ്ങളും നടപടികളും വ്യക്തമാക്കാമോ; ഇ-ഹെൽത്ത് രജിസ്ട്രേഷൻ ക്യാമ്പുകൾ, കുടുംബാരോഗ്യ സർവ്വേ തുടങ്ങിയവ മണ്ഡലത്തിൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ആശ, അംഗനവാടി പ്രവർത്തകർ, ഡിവിഷൻ കൗൺസിലമാർ, പൊതു പ്രവർത്തകർ, ക്ലബ് ഭാരാവാഹികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി മുൻസിപ്പൽ തല മീറ്റിങ്ങുകളും സബ് സെന്റർ തല മീറ്റിങ്ങുകളും സംഘടിപ്പിച്ചു. എല്ലാ ഡിവിഷനുകളിലും ക്യാമ്പുകൾ സംഘടിപ്പിച്ച വ്യക്തികളുടെ ആധാർ ഇ ഹെൽത്തിലേക്ക് രജിസ്ട്രേഷൻ ചെയ്യുന്ന പ്രവർത്തി പൂർത്തീകരിച്ചു. ഇ ഹെൽത്ത് പദ്ധതി ആരംഭിച്ച വഴിക്കടവ് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇതുവരെ 27733 വ്യക്തികൾക്ക് യു.എച്ച്.എെ.ഡി കാർഡ് വിതരണം ചെയ്യുകയുണ്ടായി. കരുളായ് |

| | | | |
|---|---|---|---|
| | | | കുടുംബാരോഗ്യ കേന്ദ്രത്തിൽ യു.എച്ച്.എെ.ഡി കാർഡ് വിതരണം സെപ്തംബർ 28 ന് ആരംഭിച്ചു. |
| (ഡി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിച്ച്, സർക്കാർ ആശുപത്രികളിലെ ഒ.പി. ടിക്കറ്റ് വീട്ടിലിരുന്ന് ബുക്ക് ചെയ്യുന്നതടക്കമുള്ള സേവനങ്ങൾ രോഗികൾക്ക് ലഭ്യമാക്കാനാകുമെന്ന് അറിയിക്കാമോ? | (ഡി) | ഇ ഹെൽത്ത് സിറ്റിസൺ പോർട്ടൽ ഉപയോഗിച്ച് ഓൺലൈൻ വഴി ഇ ഹെൽത്തിൽ രജിസ്റ്റർ ചെയ്ത് യു.എച്ച്.എെ.ഡി നമ്പർ സ്വന്തമാക്കാനും ഇ ഹെൽത്ത് ആരംഭിച്ച സർക്കാർ ആശുപത്രികളിലേക്ക് ഒപി ടിക്കറ്റ് വീട്ടിലിരുന്നു ബുക്ക് ചെയ്യാനുമുള്ള സംവിധാനം നിലവിൽ https://ehealth.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ